DESPATCHED
On...11/06/2020
11/05/2020.



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.2876(*7)/2014*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.17550/*എസ്.ഐ.സി–ജി* ***6/14***

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.അലക്സ് എബ്രഹാം**
**അഡ്വക്കേറ്റ്**
**ഒടിക്കണ്ടത്തിൽ**
**മക്കപ്പുഴ.പി.ഒ**
**റാന്നി** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
**സ്പെഷ്യൽ റവന്യൂ ഇൻസ്പെക്ടർ**
**സ്പെഷ്യൽ തഹസീൽദാറുടെ കാര്യാലയം**
**എൽ.എ(എൻ.എച്ച്)**
**റാന്നി**

2. **അപ്പീൽ അധികാരി**
**സ്പെഷ്യൽ തഹസീൽദാറുടെ കാര്യാലയം**
**എൽ.എ(എൻ.എച്ച്)**
**റാന്നി**

} **എതിർകക്ഷികൾ**

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൻമേൽ അപ്പീൽ അധികാരിയുടെ നിർദ്ദേശം ഉണ്ടായിട്ടും എസ്.പി.ഐ.ഒ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. 19.05.2014 ൽ ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് 16.06.2014 എസ്.പി.ഐ.ഒ മറുപടി നൽകുകയും ടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് ഹർജിക്കാരൻ 12.07.2014 ൽ അപ്പീൽ അധികാരിക്ക് അപ്പീൽ സമർപ്പിക്കുകയും 11.08.2014 അപ്പീൽ അധികാരി മറുപടി നൽകുകയും ചെയ്തു.
3. എസ്.പി.ഐ.ഒ. കമ്മീഷനിൽ 12.02.2020 ൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ, ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് ലഭ്യമായ വിവരങ്ങളെല്ലാം നൽകിയിട്ടുണ്ടെന്നും, നൽകിയ മറുപടികളുടെ പകർപ്പുകൾ ഹാജരാക്കുന്നുവെന്നും, റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് നൽകിയിട്ടുണ്ടെന്നുമാണ് ബോധിപ്പിച്ചത്.
4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് പൂർണ്ണമായും വിവരങ്ങൾ നൽകിയിട്ടില്ലെന്നു കമ്മീഷൻ വിലയിരുത്തുകയും കമ്മീഷനിൽ സമർപ്പിച്ച 2–ാം അപ്പീൽ കണക്കിലെടുത്ത് 1 ആഴ്ചയുക്കുള്ളിൽ വിശദമായ മറുപടി ഹർജിക്കാരന് നൽകണമെന്ന് ഹിയറിംഗിൽ കമ്മീഷൻ നിർദ്ദേശിക്കുകയും 25.02.2020 ൽ കമ്മീഷനിൽ ലഭിച്ച റിപ്പോർട്ടിൽ ലഭ്യമായ വിവരങ്ങൾ നൽകുന്നതായും പകർപ്പ് ഹർജിക്കാരന് നൽകിയതായും എസ്.പി.ഐ.ഒ ബോധിപ്പിച്ചു. എസ്.പി.ഐ.ഒ ടെ റിപ്പോർട്ടിൽ നിന്നും ലഭ്യമായ വിവരങ്ങൾ നൽകിയതായി ബോധ്യപ്പെട്ടതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നുകണ്ട് ഇന്നേദിവസം 2020 മേയ് 11–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

**(ഒപ്പ്)**
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM